## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2489 05/11/2019-ൽ മറുപടിക്ക്

### അധികമായി ഉല്പാദിപ്പിച്ച വൈദ്യുതി

| | ചോദ്യം<br><br>**ശ്രീ.റ്റി.വി.രാജേഷ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുക വഴി ഇതുവരെ ആകെ 12.6 മെഗാവാട്ട് വൈദ്യുതി ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.-ൽ പൂർത്തീകരിച്ചു (15.7 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 47.35 മെഗാവാട്ടും സിയാൽ, അനർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 83.073 മെഗാവാട്ടും കെ.എസ്.ഇ.ബിയുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 146.14 MWp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു<br>ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ് പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി ഗ്രിഡിലേയ്ക്ക് ലഭിച്ചു വരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്.<br>സ്വകാര്യ സംരംഭകർ വഴി 12.5 MW സ്ഥാപിതശേഷി വരുന്ന 2 പദ്ധതികൾ (പാതംകയം 8 MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW) കമ്മീഷൻ ചെയ്തിട്ടുണ്ട്.<br>ഇതുകൂടാതെ ഇ.എം.സി തിരുവനന്തപുരം നഗരത്തിൽ 20 kW കാറ്റുവെട്ടി മൈക്രോ |

| | | | |
|---|---|---|---|
| | | | ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി ട്രയൽ റണ്ണായി വൈദ്യുതി ഉത്പാദിപ്പിച്ച് ഗ്രിഡിലേക്ക് നൽകുന്നുണ്ട്. 4 kW ന്റെ ഈച്ചാംപെട്ടി പൈകോ ജല വൈദ്യുത പദ്ധതിയും മറ്റ് 25 പൈകോ ജലവൈദ്യുത പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള സൗര പദ്ധതി വഴി 1000 മെഗാവാട്ട് സൗര നിലയങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിന്നും 2021 - 2022- ഓടെ ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>500 മെഗാവാട്ട് പുരപ്പുറ പദ്ധതി ചുവടെ പറയുന്ന മേഖലകളിൽ നിന്നും ഉത്പാദിപ്പിക്കുവാനാണ് വിഭാവനം ചെയ്യുന്നത്.<br>ഗാർഹിക/കാർഷിക ഉപഭോക്താക്കൾ - 150 മെഗാവാട്ട്<br>സർക്കാർ കെട്ടിടങ്ങൾ - 100 മെഗാവാട്ട്<br>ഗാർഹികേതര/സർക്കാർ ഇതര സ്ഥാപനങ്ങൾ - 250 മെഗാവാട്ട്<br>പദ്ധതിയുടെ ഭാഗമായി നാളിതു വരെ രജിസ്റ്റർ ചെയ്ത സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സാധ്യത പഠനത്തിന് ശേഷം യോഗ്യമായ മേൽക്കൂരകൾ തെരഞ്ഞെടുക്കുകയും മറ്റ് സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്തി വരികയുമാണ്. 2020 ജനുവരി മുതൽ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ